# 94. സെക്സിനെപ്പററി അല്പം

ഈയിടെ പടിഞ്ഞാറെ ജർമനിയിലെ ഹൈഡെൽബർഗ് നഗരത്തിൽ ചേർന്ന ലോക—ലൈംഗികവിജ്ഞാന--കോൺഗ്രസ്സിന്റെ എട്ടാം സമ്മേളനത്തെക്കുറിച്ച് വായിച്ചപ്പോൾ, ആ സമ്മേളനത്തിലെ മുഖ്യ ചിന്താവിഷയങ്ങൾ കേരളീയരെ അറിയിക്കേണ്ടതാണെന്ന് തോന്നി. കോവളത്തു താമസിച്ചിരുന്ന ഒരു ഫ്രഞ്ചുകാരിക്ക് എയ്ഡ്സ് രോഗം ഉണ്ടെന്നു കണ്ടുപിടിച്ച വിവരം അടുത്തകാലത്ത് നമ്മുടെ പത്രങ്ങൾ വലിയ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നുവല്ലോ? എയ്ഡ്സ് ബാധ സംശയിച്ച് ഏതാനും ആഫ്രിക്കൻ വിദ്യാർത്ഥികളെ കൊല്ലം ടി. കെ. എം. എൻജിനീയറിങ് കോളേജിൽനിന്ന് കഴിഞ്ഞ ആണ്ടിൽ തിരിച്ചയച്ചതും ധാരാളം വാർത്താപ്രാധാന്യം ആർജിക്കുകയുണ്ടായി.

മനുഷ്യരുടെ ലൈംഗിക (സെക്സ്) ജീവിതത്തോടു ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇന്നു മുന്തിയ പരിഗണന നൽകപ്പെടുന്നത് എയ്ഡ്സ് രോഗത്തിനുതന്നെയാണ്. അതേസമയം, ലൈംഗികതയിൽനിന്ന് ഉദ്ഭവിക്കുന്ന സാമൂഹ്യ—ആരോഗ്യ—മാനവിക—പ്രശ്നങ്ങൾ വേറെയും ധാരാളമുണ്ട്. ഇവയെപ്പററിയൊക്കെ തുറന്നു ചിന്തിക്കുന്നത് നല്ലതാണ്. അശ്ലീലതയുടെ പേരിൽ ഇത്തരം കാര്യങ്ങൾ മൂടിവയ്ക്കുന്നത് പല കുഴപ്പങ്ങൾക്കും കാരണമായേക്കും. 'വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളിലെന്നപോലെ സൃഷ്ടികർത്താവായ ഈശ്വരനിലും സ്വാധീനം ചെലുത്തുന്ന ഒന്നാണ് കാമം. നാണംകൊണ്ട് അതിനെ നീ മറച്ചുവെക്കരുത്'' എന്ന അർത്ഥത്തിലുള്ള ഭവഭൂതിയുടെ സംസ്കൃതശ്ലോകം ഈ സന്ദർഭത്തിൽ ഞാൻ ഓർത്തുപോവുന്നു. ശ്ലോകം ഇതാണ്:

> അന്യേഷ്യ ജന്തുഷു ചയസ്തമസാ/വ്രതേഷു
> വിശ്വസ്യധാതരി സമഃ പുരുഷോത്തമേ/പി
> സോ/യം പ്രസിദ്ധവിഭവഃഖലുചിത്തജന്മാ
> മാലജ്ജയാ തവ കദാചിദപഹ്നതിർഭൂൽ.

ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ വൻകരകളിലെ അമ്പതു രാഷ്ട്രങ്ങളിൽനിന്ന് ആയിരത്തിലേറെ പ്രതിനിധികൾ ഹൈഡെൽബർഗ് സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ലൈംഗിക വിജ്ഞാനം (സെക്സോളജി), മനഃശാസ്ത്രം (സൈക്കോളജി), മനോരോഗ ചികിത്സാശാസ്ത്രം (സൈക്കിയാട്രി), വൈദ്യശാസ്ത്രം മുതലായ വിവിധ വിജ്ഞാനശാഖകളിൽ പ്രാഗല്ഭ്യംനേടിയവരായിരുന്നു ഈ പ്രതിനിധികൾ. ഇന്ത്യയിൽനിന്ന് ആരെങ്കിലും ഈ സമ്മേളനത്തിൽ പങ്കെടുത്തുവോ എന്ന് അറിഞ്ഞുകൂടാ. രണ്ടാം മഹായുദ്ധത്തിനുശേഷം ജർമനിയിൽ ഇത്തരമൊരു ലോകസമ്മേളനം ചേരുന്നത് ഇതാദ്യമായിട്ടാണത്രേ.

പടിഞ്ഞാറെ ജർമനിയിലെ ആരോഗ്യമന്ത്രിയായ ശ്രീമതി റീത്ത സ്യൂസ്മുത്ത് എന്ന വനിതയാണ് സമ്മേളനം ഉദ്ഘാടനംചെയ്തത്. 'ലൈംഗികത (സെക്സ്) എന്നു കേട്ടാൽ ജനങ്ങൾ ഉടനെ ഓർക്കുന്നത് അതിന്റെ ജീവശാസ്ത്രപരമായ വശത്തെപ്പററി മാത്രമാണ്. ലൈംഗികതയുടെ സാമൂഹ്യവും മാനവികവുമായ വശങ്ങളെപ്പററി അപൂർവം ആളുകളേ ചിന്തിക്കുന്നുള്ളു. സെക്സിനെപ്പററി ജനങ്ങളുടെ അറിവ് തുലോം പരിമിതമാണ്. അതേസമയം എയ്ഡ്സ്പോലെയുള്ള

രോഗങ്ങളുടെമേൽ സർക്കാരുകൾ വിജയം നേടണമെങ്കിൽ ഓരോ സ്ത്രീയും പുരുഷനും ഉത്തരവാദിത്തബോധത്തോടെ പെരുമാറുകയും തങ്ങളെ സ്വയം രക്ഷിക്കുകയും വേണം. ലൈംഗികരോഗങ്ങളുടെ പകർച്ച തടഞ്ഞ്, ലൈംഗികബന്ധത്തെ എങ്ങനെ 'അപകടരഹിതം' ആക്കാം എന്ന് ഈ സമ്മേളനം ആലോചിക്കണം' എന്ന് ശ്രീമതി സ്യൂസ്മുത്ത് ഉദ്ഘാടനപ്രസംഗത്തിൽ ആവശ്യപ്പെട്ടു.

ആധുനിക വൈദ്യശാസ്ത്രത്തിൽ ഉൾപ്പെട്ട വിഷയങ്ങളായ സ്ത്രീരോഗ വിജ്ഞാനം (ഗൈനക്കോളജി), ഗർഭനിരോധം, ലൈംഗികരോഗങ്ങൾ, ഉർവരത (ഫെർട്ടിലിററി), വന്ധ്യത (സ്റ്റെറിലിററി) മുതലായ വസ്തുപരമെ, സമലൈംഗികത (ഹോമോ-സെക്ഷ്വാലിററി), അസമലൈംഗികത (ഹെററോ-സെക്ഷ്വാലിററി) ഉഭയ ലൈംഗികത (ബൈ സെക്ഷ്വാലിററി) മുതലായവയും പൊതുവേ സമൂഹത്തിൽ സ്ത്രീയുടെ പ്രശ്നങ്ങളും സമ്മേളനത്തിൽ ചർച്ചചെയ്യപ്പെട്ടു.

മാരകങ്ങളായ എയ്ഡ്സ് രോഗാണുക്കൾ സ്വശരീരത്തിൽ വഹിക്കുന്നുണ്ടെങ്കിലും, ആ കാര്യം അറിഞ്ഞോ അറിയാതെയോ ദശലക്ഷക്കണക്കിന് ആളുകൾ ഇന്ന് ലൈംഗികജീവിതം നയിച്ചുവരുന്നുണ്ടെന്നത് അമ്പരപ്പിക്കുന്ന ഒരു വസ്തുതയാണെന്ന്, അമേരിക്കയിലെ ലൈംഗിക-ഉപദേഷ്ടാക്കളുടെയും ചികിത്സകരുടെയും സംഘടനയുടെ പ്രതിനിധിയായിരുന്ന ഡോക്ടർ തെറീസ ക്രെൻഷാ ഈ സമ്മേളനത്തിൽ പ്രസ്താവിച്ചു. ഒരാളുടെ ശരീരത്തിൽ എയ്ഡ്സ് (എച്ച് ഐ വി) രോഗാണു കടന്നുകൂടിയാൽ, എട്ടു വർഷം കഴിഞ്ഞേ അയാളിൽ രോഗചിഹ്നങ്ങൾ പ്രത്യക്ഷപ്പെട്ടുള്ളൂ എന്നുവരാം. എങ്കിലും ഇക്കാലമത്രയും സ്വന്തം രക്തം, ശുക്ലം, ഉമിനീർ മുതലായ ശരീരദ്രവങ്ങളിലൂടെ അന്യരിലേക്ക് എയ്ഡ്സ് രോഗാണുക്കളെ കടത്തിവിടാൻ അയാൾക്കു കഴിവുണ്ടായിരിക്കും. ഈ പരിസ്ഥിതിയിൽ, 'അപകടരഹിതമായ ലൈംഗികബന്ധം' എന്ന ഒന്ന് ഇല്ലെന്നാണ് ഡോക്ടർ ക്രെൻഷായുടെ അഭിപ്രായം. ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോൾ പുരുഷൻ നിയമേന റബ്ബർ ഉറ ഉപയോഗിക്കുകയെന്നത് പ്രശ്നത്തിനു പരിഹാരമല്ല. 'നിങ്ങളുടെ ജീവൻ ഒരു റബ്ബർ ഉറയ്ക്ക് ഏല്പിച്ചുകൊടുക്കാൻ നിങ്ങൾ തയ്യാറാണോ?' എന്ന് ഡോക്ടർ ക്രെൻഷാ ചോദിച്ചു.

മതപ്രബോധനമോ, സദാചാരബോധമോ മനുഷ്യരെ ഇന്നോളം ഏക-ഭാര്യാഭർത്തൃ-വ്രതക്കാരാക്കിയിട്ടില്ല. എന്നാൽ, എയ്ഡ്സ് രോഗം മനുഷ്യരെ മേലിൽ ഏകഭാര്യാ-ഭർത്തൃ-വ്രതക്കാരാക്കി മാററിയേക്കും എന്നാണ് ഡോക്ടർ ക്രെൻഷായുടെ അഭിപ്രായം. ഏകഭാര്യാ-ഭർത്തൃ-വ്രതത്തിന്റെ (മേണോഗാമി) ആവശ്യകത തങ്ങളുടെ രോഗികളെ ഡോക്ടർമാർ പറഞ്ഞു മനസ്സിലാക്കണമെന്ന് ഈ അമേരിക്കൻ വിദഗ്ദ്ധ അഭിപ്രായപ്പെട്ടു.

എന്നാൽ, ഹൈഡെൽബർഗ് സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ വിദഗ്ദ്ധരും, സ്വാഭാവികമായും ഈ അഭിപ്രായത്തോടു യോജിച്ചില്ല. പുരുഷന്മാർ റബ്ബർ ഉറ ഉപയോഗിച്ചേ ലൈംഗികബന്ധം നടത്താവൂ എന്നു നിർബന്ധിക്കുന്നതിലൂടെ എയ്ഡ്സ് രോഗപ്പകർച്ച കുറെയൊക്കെ തടയാനാവും എന്ന് പലരും സമ്മേളനത്തിൽ വാദിക്കുകയുണ്ടായി.

എയ്ഡ്സ് രോഗത്തെപ്പോലെ, മുമ്പേ പരിചിതങ്ങളായ മററു ലൈംഗികരോഗങ്ങളും സമ്മേളനത്തിൽ ചർച്ചചെയ്യപ്പെട്ടു.

ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിന് ലൈംഗികവിജ്ഞാനം എങ്ങനെ പ്രയോജനപ്പെടുന്നു എന്നതായി

ടുന്ന സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ട മറ്റൊരു മുഖ്യപ്രശ്നം. ഒരു വശത്ത് മാനസികാപഗ്രഥനശാസ്ത്രവും മറുവശത്ത് ഗർഭനിരോധോപകരണങ്ങളും ചേർന്ന് ഇക്കഴിഞ്ഞ ഏതാനും ദശാബ്ദങ്ങൾക്കുള്ളിൽ പാശ്ചാത്യസമൂഹങ്ങളുടെ ലൈംഗികജീവിതത്തിൽ ഗംഭീരമായ ഒരു പരിവർത്തനം വരുത്തുകയുണ്ടായി. സമലൈംഗികതയോ, വ്യഭിചാരമോ അവിടെ നിഷിദ്ധങ്ങളല്ലാതായി. സമൂഹജീവിതത്തിൽനിന്ന് ലൈംഗിക സദാചാരം തികച്ചും തിരസ്കൃതമായി. ആർക്കും ആരോടും ലൈംഗികബന്ധമാകാം എന്ന നില വന്നുചേർന്നു 'പെർമിസ്സിവ് സൊസൈററി' (താന്തോന്നിസ്സമൂഹം) എന്ന പേർ പാശ്ചാത്യസമൂഹത്തിനു നൽകപ്പെട്ടു.

ഇതിൻെറ ഫലമായി ജനങ്ങൾക്ക് കൂടുതൽ സുഖം കൈവന്നുവോ? 'ഇല്ല' എന്നായിരുന്നു ഹൈഡെൽബർഗ് സമ്മേളനത്തിൽ പരക്കെ അംഗീകൃതമായ അഭിപ്രായഗതി. വില കൊടുത്തു വാങ്ങാവുന്നതോ, ബലം പ്രയോഗിച്ചു പിടിച്ചടക്കാവുന്നതോ ആയ ഒന്നല്ല ലൈംഗിക സംതൃപ്തി. ശാരീരികമായ ആഗ്രഹപൂർത്തിയിൽ മാത്രം ഈ സംതൃപ്തി ഒതുങ്ങിനില്ക്കുന്നുമില്ല. ഭൗതികമെന്നതിലേറെ മാനസികമാണ് ലൈംഗികാനന്ദം. ക്ഷമാപൂർവമായ പരിശ്രമത്തിലൂടെ വളർത്തിക്കൊണ്ടു വരേണ്ട ഒരു 'മൂല്യം' ആണ് അത്. 'പങ്കാളിത്തമുള്ള ജീവിതത്തിൻെറയും അനുഭൂതിയുടേയും സമ്മാനം' എന്ന നിലയിൽ സമഗ്രമായി നിരീക്ഷിക്കപ്പെടാത്തപക്ഷം ലൈംഗികജീവിതം ആഹ്ലാദത്തിനു പകരം ഉണർത്തിവിടുക ഭയങ്ങളെയും അപര്യാപ്തതാഭീതിയെയും കുററബോധത്തെയും ആയിരിക്കുമെന്ന് സമ്മേളനത്തിൽ പങ്കെടുത്ത വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു.

മററു രാജ്യങ്ങളിലേക്കു പോകുന്ന ടൂറിസ്റ്റുകളുടെ അറിവിനുവേണ്ടി ജർമനിയിൽ പ്രസിദ്ധീകരിച്ച ഒരു ചുവർപരസ്യം (പോസ്റ്റർ) ഈ സമ്മേളനത്തിൽ ജർമൻ ആരോഗ്യമന്ത്രി ശ്രീമതി റീത്ത സ്യൂസ്മുത്ത് പ്രദർശിപ്പിക്കുകയുണ്ടായി. 'നിങ്ങളുടെ യാത്ര മംഗളമായിരിക്കട്ടെ. എയ്ഡ്സ് രോഗം ബാധിക്കാതെ തിരിച്ചുവരിക' എന്നാണ് ഈ ചുവർപരസ്യത്തിൻെറ ശീർഷകം. വേശ്യാവൃത്തി വ്യാപകമായുള്ള ഇന്ത്യൻ നഗരങ്ങളിൽ ഇത്തരം പരസ്യങ്ങൾ പ്രാദേശികഭാഷകളിൽ നിർമിച്ച് പ്രദർശിപ്പിക്കുന്നതു് നന്നായിരിക്കും. 'റബ്ബർ ഉറകൾ ഉപയോഗിച്ച് ലൈംഗികബന്ധങ്ങളെ കൂടുതൽ അപകടരഹിതങ്ങളാക്കുക' എന്ന സന്ദേശവും ഇന്ത്യയിൽ ഇന്ന് അപ്രസക്തമായിരിക്കുകയില്ല.

(13, സെപ്റ്റംബർ 1987)

## 95. കനകംമൂലം

ഒരു മാസം മുമ്പ് എൻെറ വീട്ടിൽ വരുമ്പോൾ സ്നേഹിതൻെറ മുഖം അസാധാരണമാംവിധം പ്രസന്നമായിരുന്നു. അദ്ദേഹത്തിൻെറ ആഹ്ലാദം എന്നിലേക്കും പകരാൻ ഏറെ താമസമുണ്ടായില്ല. എൻെറ സ്നേഹിതൻെറ മകളുടെ വിവാഹം നിശ്ചയിച്ചിരിക്കുന്നു! എം. എസ്സി. ഫൈനൽ ക്ലാസ്സിൽ പഠിക്കുന്ന മിടുക്കിയും സുമുഖിയുമായ ആ പെൺകിടാവിനെ എനിക്കു നല്ലപോലെ അറിയാം. അവളെ വിവാഹംചെയ്യാൻ പോകുന്നതു് ഒരു എൻജിനീയറാണ്. ഈയിടെ ഇലക്ട്രിസിററി ബോർഡിൽ ജോലി കിട്ടിയ സുശീലനായ ഒരു യുവാവ്. വരൻെറ കുടുംബം